# 2 ആനകളുടെ സവിശേഷതകളും പ്രത്യേക പരിപാലനരീതികളും

ഡോ. ബി. അരവിന്ദ്

കരയിലെ ഏറ്റവും വലിയ ജീവിയായ ആനയ്ക്ക് ഒട്ടേറെ പ്രത്യേകതകളുണ്ട്. ഇത്തരം സവിശേഷതകളറിഞ്ഞുകൊണ്ട് അവലംബിക്കുന്ന പരിപാലനരീതികൾ അവയ്ക്ക് കൂടുതൽ സുഖം പ്രദാനം ചെയ്യും. അവയുടെ ജീവിതരീതിയ്ക്കനുയോജ്യമായ പരിപാലനരീതികൾ സ്വീകരിച്ചാൽ ആനകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുവാനും ആനയിടഞ്ഞുണ്ടാകുന്ന അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുവാനും കഴിയും.

കാട്ടിലാണെങ്കിൽ ആനകൾ ഇരുപത് മണിക്കൂറോളം തീറ്റയെടുക്കാറുണ്ട്. അതുപോലെ നാട്ടിലും അവയ്ക്ക് ആവശ്യത്തിന് തീറ്റ നല്കണം. തെങ്ങിന്റെ ഓലയും പനമ്പട്ടയും ആണ് സാധാരണ നൽകാറുള്ളത്. തീറ്റ പരിമിതപ്പെടുത്തുന്നതും ദീർഘനേരം ആഹാരം കൊടുക്കാതെയിരിക്കുന്നതും ആനകൾക്ക് ഇഷ്ടക്കേട് ഉണ്ടാക്കും. ആനയ്ക്ക് ഇഷ്ടമനുസരിച്ച് വെള്ളം കൊടുക്കുവാൻ ശ്രദ്ധിക്കണം. ഏകദേശം 250 ലിറ്ററിലധികം വെള്ളം പ്രായപൂർത്തിയായ ആനയ്ക്ക് ആവശ്യമുണ്ട്. കുടിക്കുവാനായി കൊടുക്കുന്ന വെള്ളത്തിന്റെ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്. ആനകൾ കിലോമീറ്ററുകൾ നടക്കുന്ന ഒരു ജീവിയായതുകൊണ്ട് ഒരു സ്ഥലത്തു തന്നെ തളച്ചിടുന്നത് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കും. ഉത്സവസമയങ്ങളിൽ ഒരു സ്ഥലത്തുതന്നെ നിർത്തുവാൻ ശ്രമിക്കുന്നത് ആനകൾക്ക് ഇഷ്ടക്കേടുണ്ടാക്കും.

ആനകൾ കൂട്ടംകൂടി നടക്കുവാൻ താല്പര്യപ്പെടുന്ന വന്യജീവിയാണ്. അതുകൊണ്ടുതന്നെ അവയെ ഒറ്റയ്ക്ക് ദീർഘനാൾ കെട്ടിയിടുന്നത് ആശാസ്യമല്ല. വിവേകബുദ്ധിയുള്ള മനുഷ്യൻ ആന ഒരു വന്യമൃഗമാണ് എന്നറിഞ്ഞുകൊണ്ട് കൈകാര്യം ചെയ്താൽ ഒട്ടുമിക്ക അനിഷ്ട സംഭവങ്ങളും ഒഴിവാക്കാം. ആനകളെ ആവശ്യത്തിന് ചങ്ങലകളിട്ട് ബന്തവസ്സ് ചെയ്തുവേണം കൊണ്ടുനടക്കേണ്ടതും ദീർഘനേരം നിർത്തേണ്ടതും. ആനകൾക്ക് നില്ക്കുന്നതിനെ അപേക്ഷിച്ച് കിടക്കുമ്പോൾ ഹൃദയമിടിപ്പ് കൂടുതലാണ്. അതുകൊണ്ട് അവയ്ക്ക് ദീർഘനേരം നില്ക്കുന്നതാണ് ആയാസരഹിതം. ആരോഗ്യമുള്ള ആന ഏകദേശം 2 മണിക്കൂറോളം സുഖമായി കിടന്നുറങ്ങാറുണ്ട്. കിടന്നിട്ട് എഴുന്നേല്ക്കുവാനുള്ള ബുദ്ധിമുട്ട് ആനയുടെ മോശമായ ആരോഗ്യത്തിന്റെ ലക്ഷണമാണ്.

നല്ല ശ്രവണശക്തിയുള്ള മൃഗമാണ് ആന. മനുഷ്യന് കേൾക്കാൻ പറ്റാത്ത ഇൻഫ്രാസോണിക് തരംഗങ്ങൾ വഴി ആനകൾക്ക് അന്യോന്യം ആശയവിനിമയം നടത്തുവാൻ കഴിയും. ഭൂമിയിലെ പ്രതലത്തിലൂടെ ശബ്ദതരംഗങ്ങൾ വഴി കാൽപ്പാദങ്ങളിലൂടെ സംവേദിക്കുവാനുള്ള കഴിവും ആനയ്ക്കുണ്ട്. ഉച്ചത്തിലുള്ള ശബ്ദങ്ങളും, തീക്ഷ്ണമായ പ്രകാശവും തീയും ആനകൾക്ക് അസഹനീയമാണ്. ഇവ ഉപയോഗിച്ച് കാട്ടാനകളെ ഓടിക്കുവാൻ സാധിക്കും. നാട്ടിലെ ആനകൾ ഇവ പരിചയിച്ചിട്ടുള്ളതിനാൽ ഇത്തരത്തിൽ പിന്തിരിപ്പിക്കുവാൻ സാധ്യമല്ല. എന്നാൽ എഴുന്നള്ളിപ്പ് സമയങ്ങളിൽ വളരെ സമീപത്തുള്ള ശബ്ദങ്ങളും, തീയും, വെളിച്ചവും അവയെ പ്രകോപിതരാക്കുവാൻ സാധ്യതയുണ്ട്.

ആനയ്ക്ക് പൊതുവേ കാഴ്ചശക്തി കുറവാണ്. ആനയുടെ വളരെ സമീപത്തുള്ള കാര്യങ്ങൾ ഒരു കണ്ണുകൊണ്ടുമാത്രമേ കാണുവാൻ സാധിക്കുന്നുള്ളൂ എന്നതിനാൽ അവയ്ക്ക് അടുത്തുനില്ക്കുന്ന വസ്തുക്കളുടെ ദൂരം കൃത്യമായി നിർവചിക്കുവാൻ സാധിക്കുന്നില്ല. ഇതുവഴി ആനയുടെ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുവാൻ വളരെ അടുത്തുനില്ക്കുന്നവർക്ക് സാധിക്കാറുണ്ട്. രാത്രികാലങ്ങളിൽ ഇരുണ്ട വെളിച്ചത്തിൽ കാഴ്ചശക്തി വീണ്ടും വളരെ കുറയുന്നു.ഇത് മനസ്സിലാക്കി വെളിച്ചം നല്കുകയോ നിയന്ത്രിക്കുകയോ ചെയ്ത് ആനയുടെ ശ്രദ്ധ തിരിക്കാവുന്നതാണ്.

ആനയ്ക്ക് നല്ല ഘ്രാണശക്തിയുണ്ട്. ആയതിനാൽ മണം പിടിച്ച് ആരാണ് അടുത്തുള്ളത് എന്ന് ആനയ്ക്ക് നിർണ്ണയിക്കാൻ കഴിയും. ഇതിന് തുമ്പിക്കൈയും അണ്ണാക്കിലെ പ്രത്യേക ഭാഗവും ഉപയോഗപ്പെടുത്തുന്നു. ആനകളുടെ ശരീര ഊഷ്മാവ് മനുഷ്യരുടേതിനേക്കാൾ ഏകദേശം $2^0$F കുറവാണ്. കൂടാതെ അവയ്ക്ക് വിയർപ്പുഗ്രന്ഥികൾ വളരെ കുറവാണ്. കറുത്തനിറം കൂടുതൽ ചൂട് വലിച്ചെടുക്കുന്നു. ആയതിനാൽ മനുഷ്യരേക്കാൾ ചൂട് സഹിക്കുവാൻ ആനകൾക്ക് വളരെ ബുദ്ധിമുട്ടാണ്. ചെവിയാട്ടുന്നത് വഴിയും, മലമൂത്രവിസർജ്ജനം നടത്തുന്നതുവഴിയും, ശരീരത്തിൽ ചെളിയും മണ്ണും വാരിയിട്ടുമാണ് അവ ശരീര ഊഷ്മാവ് കുറയ്ക്കുന്നത്. അതുകൊണ്ടുതന്നെ നാട്ടാനകൾക്ക് കുളി അത്യന്താപേക്ഷിതമാണ്. അവയെ കെട്ടിയിടുമ്പോഴും വഴി നടത്തുമ്പോഴും തണലുള്ള ഭാഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.

ആനകളുടെ കാലിലെ എല്ലുകളുടെ പ്രത്യേകതകൾ കൊണ്ട് ചാടുവാൻ സാധ്യമല്ല. മേൽചുണ്ടും മൂക്കും ചേർന്ന തുമ്പിക്കൈ ഉള്ളതിനാൽ വളരെ ദൂരെയുള്ള വസ്തുക്കൾ വരെ എത്തിപ്പിടിക്കുവാൻ അവയ്ക്ക് കഴിയുന്നു. മനുഷ്യരെ അപേക്ഷിച്ച് വെള്ളത്തിൽ അവയ്ക്ക് കൂടുതൽ മെയ്‌വഴക്കം സാധ്യമാണ്. ഇത്തരം പ്രത്യേകതകളറിഞ്ഞുവേണം ഇത്തരം സ്ഥലങ്ങളിൽ ആനയോട് അടുത്ത് ഇടപെടുന്നവർ പെരുമാറേണ്ടത്.

പ്രായപൂർത്തിയായ ആണാനകൾക്കുള്ള ആരോഗ്യകരമായ പ്രതിഭാസമാണ് മദപ്പാട്. ഈ കാലഘട്ടത്തിൽ അവയ്ക്ക് വളരെ വ്യത്യസ്തമായ സ്വഭാവരീതികൾ ഉണ്ടാവാറുണ്ട്. ഏകദേശം 3 ആഴ്ച മുതൽ 3 മാസം വരെ നീണ്ടുനില്ക്കുന്ന മദപ്പാടുകാലത്ത് ആനകൾ കൂട്ടങ്ങളിൽനിന്നും പാപ്പാൻമാരിൽനിന്നും ഒഴിഞ്ഞ് കഴിയുവാൻ പൊതുവേ ഇഷ്ടപ്പെടുന്നു. പെട്ടെന്ന് പ്രകോപിതനാകുവാൻ സാധ്യതയുള്ളതിനാൽ മദപ്പാടിലുള്ള ആനകളെ വളരെ കരുതലോടെ വേണം കൈകാര്യം ചെയ്യേണ്ടത്. മദപ്പാടിലുണ്ടാകുന്ന മദരസവും, ദുർഗന്ധവും മറ്റ് ആനകളെ ഭയചകിതരാക്കുകയും അവയെ പ്രക്ഷുബ്ധരാക്കുകയും ചെയ്യുന്നു. ഇത്തരം കാരണങ്ങളാൽ മദപ്പാടിലുള്ള ആനകളെ പ്രത്യേകം മാറ്റി നിർത്തി പ്രത്യേക പരിചരണം നല്കേണ്ടതാണ്.